ശ്രീ. എൻ. പി. വർഗീസ്: ഗവമ്മെണ്ടും കൺസ്ട്രക്ഷൻ കമ്പിറിയും തമ്മിലുള്ള വഴക്കുകൾ അവസാനിച്ചോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. ൩,൦൦൦ രൂപ കെട്ടിവയ്ക്കണമെന്നു പറഞ്ഞിട്ട് ൨,൦൦൦ രൂപ മാത്രമെ തന്നുള്ളൂ. ബാക്കികൂടി കിട്ടേണ്ടതുണ്ട്.

ശ്രീ. എൻ. പി. വർഗീസ്: അതിന്മേൽ എന്തു നടപടിയാണു് ഗവമ്മെണ്ടു് സ്വീകരിക്കാൻ പോകുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഉടൻതന്നെ ബാക്കി പണം ഈടാക്കത്തക്കവണ്ണം വേണ്ട നടപടികൾ കൈക്കൊള്ളണമെന്നാണു് ഗവമ്മെണ്ടു് വിചാരിക്കുന്നതു്.

LEASE OF LAND TO MANEED CO-OPERATIVE SOCIETY

***744.** [20] **Sri. N. P. Varghese:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether Government are in receipt of an application from the Maneed Co-operative Society for one acre of poramboke land in S. No. 597/1 Piravom pakuthi for cultivation, under the G. M. F. scheme; and

(*b*) are Government aware that the Co-operrtive Department has recommended the application as it will serve the purpose of a model farm?

ശ്രീ. എ. ജെ. ജാൺ: ഇതിനു് ഉത്തരം തയ്യാറായിട്ടില്ല.

കുറഞ്ഞ ശമ്പളക്കാർ

*൭൫൪. (൨൭) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെണ്ടു് ജീവനക്കാരിൽ ഏറ്റവും കുറഞ്ഞ ശമ്പളം ലഭിക്കുന്നവർ ഏതേതു ഇനങ്ങളിൽ ജോലിചെയ്യുന്നവരാണു്;

(ബി) ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണു്?

ശ്രീ. എ. ജെ. ജാൺ:

(എ) ൨൦ രൂപയും അതിലും കുറഞ്ഞ ശമ്പളമുള്ളതായ സർക്കാരുദ്യോഗസ്ഥന്മാരുടെ പട്ടിക ഇതുസഹിതം ചേർത്തിരിക്കുന്നു.

(ബി) ൨൦ രൂപാ, എന്നാൽ ൧൫-ലും ൧൪-ലും എതാനും ഉദ്യോഗങ്ങളും ഉണ്ടു്. പട്ടിക മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. പി. കെ. പാഠം: പതിനെട്ടും ഇരുപതും രൂപ വളരെ കുറഞ്ഞ തുകയാണെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിയാം.

ശ്രീ. പി. കെ. പാഠം: അവർക്കു കൂടുതൽ ശമ്പളം നൽകുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: മനസ്സുണ്ടു്, പക്ഷെ പല പ്രയാസങ്ങളുമുണ്ടു്.

Posts in Government service carrying a pay of Rs. 20 and below

Peons
Masapadies
Gardener
Pressman
Night Guard
Orderlies
Guards
Helmsman
Deckmen
Mahouts
Watchman Lascars
Cleaners
Watchers
Gangenate
Lighter
Vallam Guards
Coolies
Constables
Assistant to Parvathiams
Maistries
Gatemen
Herdsmen
Bull-keeper
Dairyman
Library Attender
Care-taker
Irrigation Maistry
Field Watchman
Maity
Masalchi

LIBRARY ARCHIVES Kerala Legislative Assembly